I/75235/2023

**സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം (മിഷൻ വാത്സല്യ)**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി. IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/4225/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 08-01-2023

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് ICPS- കോട്ടയം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്-കെട്ടിട വാടക -2022 സെപ്റ്റംബർ മുതൽ 2023 ഫെബ്രുവരി മാസം - അനുവദിച്ചുത്തരവാകുന്നു.

പരാമർശം : 1.ഈ കാര്യാലയത്തിലെ 11/11/2014 ലെ ICPS 3/31033/15 നമ്പര് ഉത്തരവ്
2.കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 26.12.2022 ലെ DCPU(K)/01/2014 നമ്പർ കത്ത്.

ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൻെറ വാടക, PWD കെട്ടിട വിഭാഗം നിശ്ചയിക്കുന്ന വാടക തകയോ, ICPS പുതുക്കിയ മാർഗ്ഗ രേഖ പ്രകാരമുള്ള പ്രതിമാസ വാടക 15,000/- രൂപയോ ഇതിൽ ഏതാണോ കുറവ് ആ തുകയ്ക്ക് കെട്ടിടം വാടകയ്ക്ക് എടുക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവ് നൽകിയിരുന്നു.

ആയിൻെറ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ (മിഷൻ വാത്സല്യ) ജില്ലാ ഘടകമായ കോട്ടയം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2022 ഓഗസ്റ്റ് മാസം വരെയുള്ള വാടക അനുവദിച്ച നൽകിയിരുന്നു.

9,358/- രൂപ പ്രതിമാസ വാടക നിരക്കിൽ 2022 സെപ്റ്റംബർ മുതൽ 2023 ഫെബ്രുവരി വരെ ആറുമാസത്തേയ്ക്ക് 56,148/- രൂപ അനുവദിക്കണമെന്ന് ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. അനുവദിച്ച തുകയുടെ UC, Expenditure Statement എന്നിവ സമർപ്പിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ, കോട്ടയം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൻെറ പ്രതിമാസ വാടക 9,358/- രൂപ നിരക്കിൽ, 2022 സെപ്റ്റംബർ മുതൽ 2023 ഫെബ്രുവരി മാസം വരെ ആറുമാസത്തേയ്ക്ക് 56,148/- **രൂപ (അൻപത്തിആറായിരത്തി ഒരുന്നൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

56,148/- **രൂപ (അൻപത്തിആറായിരത്തി ഒരുന്നൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം)**

I/75235/2023

സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ 04.02 (DCPU Rent for Hiring) കംപോണെന്റിൽ നിന്നും കോട്ടയം ജില്ലാ വനിത ശിശു വികസന ആഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, Rs. **56,148/-** രൂപയുടെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോട്ടയം

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കോട്ടയം
3. ICPS -10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 08-01-2023 22:04:26